പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 6755 1.11.2011 ലെ മറുപടിക്ക്

**പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ .എം. എ. വാഹീദ് | | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) | പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനായി 'കില', 'കിർടാഡ്സ്' തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന വിശദമായ പരിശീലനം നല്കുന്നതിനും, കൂടാതെ ആരോഗ്യ- സാമൂഹ്യക്ഷേമ വകുപ്പുകൾ സംഘടിപ്പിക്കുന്ന ബോധവൽക്കരണ ക്ലാസുകളിൽ ഇവരെ പങ്കെടുപ്പിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് പ്രമോട്ടർമാർ വഹിക്കുന്ന പങ്കെന്താണ്; വിശദമാക്കുമോ; | ബി) | പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ആനുകൂല്യങ്ങൾ നിശ്ചയിക്കുന്ന 'ഊരുകൂട്ടം' കൂടുന്നതിന് 18 വയസ്സ് പൂർത്തിയായ എല്ലാ വ്യക്തികളെയും അറിയിച്ച് പങ്കെടുപ്പിക്കുക, വിവിധ പദ്ധതികളുടെ അപേക്ഷകൾ ശേഖരിക്കുക, ആനുകൂല്യങ്ങൾ യഥാസമയം പട്ടികവർഗ്ഗക്കാരിൽ എത്തിക്കുക, വകുപ്പിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും, വിവിധ സർക്കാർ ഏജൻസികളുടേയും ക്ഷേമ വികസന പദ്ധതികൾ പട്ടികവർഗ്ഗക്കാരിൽ എത്തിക്കുക, പട്ടികവർഗ്ഗക്കാരെ വിവിധ സർക്കാർ ഓഫീസുകളുമായി ബന്ധപ്പെടുത്തുന്നതിൽ സവിശേഷമായ പങ്ക് വഹിക്കുക എന്നിവയാണ് പ്രൊമോട്ടർമാർ ചെയ്യുവരുന്നത്. |
| (സി) ഇവരെ തെരഞ്ഞെടുക്കുന്ന | സി) | SSLC വിജയിച്ചവരും 18 നും 40 നും ഇടയിൽ |

| | | |
|---|---|---|
| രീതി എങ്ങനെയാണ്; | | പ്രായമുള്ളവരുമായ യുവതിയുവാക്കളെയാണ് ST പ്രൊമോട്ടർമാരായി നിയമിക്കുന്നത്. ഇവരുടെ അഭാവത്തിൽ ദീർഘകാലമായി പട്ടികവർഗ്ഗക്കാർക്കിടയിൽ സാമൂഹ്യ പ്രവർത്തനം നടത്തുന്ന എഴുത്തും വായനയും അറിയുന്ന 40 വയസുവരെ പ്രായമുള്ളവരെ പരിഗണിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പിന്നാക്കം നിൽക്കുന്ന വയനാട് ജില്ലയിലെ അടിയ/പണിയ വിഭാഗത്തിൽപ്പെട്ടവർ, പത്തനംതിട്ട ജില്ലയിലെ മലപണ്ഡാരം, ഇടുക്കി ജില്ലയിലെ മുതുവാൻ, മലപുലയൻ, ഊരാളി, മന്നാൻ, പറമ്പിക്കുളത്തെ മഹാമലസ്സർ, മലസ്സർ, മൂന്നാറിലും മറ്റുമുള്ള പള്ളിയൻ എന്നീ വിഭാഗങ്ങൾക്കും പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ട വിഭാഗങ്ങളിലെ യുവതി യുവാക്കളിൽ (10-ാം തരം പാസ്സായവരുടെ അഭാവത്തിൽ) 8-ാം തരം പാസ്സായവരെയും പരിഗണിക്കുന്നതാണ്. അപേക്ഷകരെ ഇൻറർവ്യൂ നടത്തിയാണ് തെരഞ്ഞെടുക്കുന്നത്. ഇവരുടെ നിയമനം തികച്ചും താത്ക്കാലികവും ഒരു വർഷത്തേയ്ക്ക് മാത്രവുമാണ്. |
| ഡി) ഇവർക്ക് ഏതെല്ലാം മേഖല യിൽ പരിശീലനം നൽകുന്നുണ്ട് ? | ഡി) | പട്ടികവർഗ്ഗവികസന ക്ഷേമപ്രവർത്തനങ്ങൾ, ഊരുകൂട്ടത്തിന്റെ ആവശ്യകത, പ്രസക്തി,ഉദ്ദേശലക്ഷ്യങ്ങൾ, ഫലപ്രദമായ പ്രവർത്തനം സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത, വിദ്യാഭ്യാസ, ആരോഗ്യ സേവനമേഖലകൾ, ശുചിത്വം അനുബന്ധ വിഷയങ്ങൾ എന്നിവകളിലാണ് പരിശീലനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ.